بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 31.05.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹദ്റത്ത് ഖുബൈബ്(റ)ന്റെ ശഹാദത്ത് സംഭവം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഒരു സരിയയിൽ (യുദ്ധനീക്കത്തിൽ) ഹദ്റത്ത് ഖുബൈബ് ശഹീദാക്കപ്പെട്ടത് സംബന്ധിച്ച് പറഞ്ഞിരുന്നു. അതിന്റെ വിശദീകരണത്തിൽ പറയുന്നു: ഇദ്ദേഹം മരത്തിൽ കെട്ടിത്തൂക്കി കുരിശിലേറ്റുന്നതുപോലെ ശഹീദാക്കപ്പെട്ട ആദ്യത്തെ സ്വഹാബി ആകുന്നു. അല്ലാമാ ഇബ്നു അസീർ എഴുതുന്നു: ഹദ്റത്ത് ഖുബൈബ് അല്ലാഹുവിന്റെ മാർഗത്തിൽ കുരിശിലേറ്റപ്പെട്ട ആദ്യത്തെ സ്വഹാബിയാകുന്നു. ഖുറൈശികൾ ഖുബൈബിനോട് നിങ്ങൾ ഇസ്ലാമിൽനിന്ന് മടങ്ങുകയാണെങ്കിൽ ഞങ്ങൾ പ്രശ്നമുണ്ടാക്കുന്നതല്ല എന്ന് പറഞ്ഞിരുന്നു; എന്നാൽ ഹദ്റത്ത് ഖുബൈബ് പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ എന്റെ വധം ഒരു നിസ്സാര കാര്യമാകുന്നു. തുടർന്ന് സ്വയം പറഞ്ഞു: അല്ലാഹുവേ, ഈ സമയത്ത് നിന്റെ റസൂലിന്റെ സവിധത്തിൽ എന്റെ സലാം എത്തിക്കാൻ ആരുമില്ല. ആയതിനാൽ എന്റെ നാഥാ! നീ തന്നെ നബി(സ)നു എന്റെ സലാം എത്തിക്കുകയും ഞങ്ങളോട് ചെയ്യപ്പെടുന്നതിനെപറ്റി അറിയിക്കുകയും ചെയ്യേണമേ! ഹദ്റത്ത് ഉസാമ ബിൻ സൈദ് പറയുന്നു: ഒരു ദിവസം തന്റെ സ്വഹാബാക്കൾക്കിടയിൽ ഇരിക്കുകയായിരുന്ന നബി(സ)നു വഹ്‌യ് ഉണ്ടാകുന്ന സമയത്തേതുപോലുള്ള അവസ്ഥ ഉണ്ടായി. ഞങ്ങൾ നബി(സ) ഇങ്ങനെ പറയുന്നതായി കേട്ടു: *വഅലൈഹിസ്സലാം വറഹ്മതുല്ലാഹി വബറകാത്തുഹു.* അതായത് അദ്ദേഹത്തിനുമേലും സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ഉണ്ടാകുമാറാകട്ടെ. നബി(സ)നു പ്രസ്തുത വഹ്‌യുടെ അവസ്ഥ അവസാനിച്ചപ്പോൾ പറഞ്ഞു: അത് ജിബ്രീൽ ആയിരുന്നു, അദ്ദേഹം എനിക്ക് ഖുബൈബിന്റെ സലാം അറിയിക്കുകയായിരുന്നു. ഖുബൈബിനെ ഖുറൈശികൾ വധിച്ചിരിക്കുന്നു.

നിവേദനത്തിൽ പറയുന്നു: ഖുറൈശികൾ 40 ആളുകളെ ഖുബൈബിനെ വധിക്കുന്ന സമയത്ത് വിളിച്ചുകൂട്ടിയിരുന്നു. അവരുടെ പിതാക്കന്മാർ ബദ്ർ യുദ്ധത്തിൽ വധിക്കപ്പെട്ടിരുന്നു. പിന്നെ ഖുറൈശികളിലെ ഓരോരുത്തർക്കും ഓരോ കുന്തം കൊടുത്തശേഷം പറഞ്ഞു; ഇയാളാണ് നിങ്ങളുടെ പിതാക്കന്മാരെ വധിച്ചത്, അപ്പോൾ അവർ ഖുബൈബിനെ കുന്തംകൊണ്ട് ചെറുതായി മുറിവേൽപ്പിക്കാൻ തുടങ്ങി, ഖുബൈബ് കുരിശിൽ കിടന്ന് അസ്വസ്ഥത പ്രകടിപ്പിക്കുകയും തിരിയുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മുഖം കഅബക്ക് അഭിമുഖമായി. അദ്ദേഹം പറഞ്ഞു: സർവ സ്തുതിയും അല്ലാഹുവിനാകുന്നു. അവൻ എന്റെ മുഖത്തെ ഖിബ്‌ലക്ക് അഭിമുഖമാക്കിയിരിക്കുന്നു. അതു തന്നെയാണ് അദ്ദേഹം തനിക്കുവേണ്ടി ആഗ്രഹിച്ചതും. തുടർന്ന് മുശ്രികീംകൾ ഖുബൈബിനെ വധിക്കുകയുണ്ടായി. ആദ്യം മുശ്രികീംകൾ കുന്തം കൊണ്ട് കുത്തി അദ്ദേഹത്തിന് നല്ല പോലെ പരിക്കേൽപ്പിക്കുകയും പിന്നെ ശഹീദാക്കുകയും ചെയ്തുവെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതു സംബന്ധിച്ച് എഴുതുന്നു: ഖുറൈശി മൂപ്പന്മാരുടെ ഉള്ളിലെ ശത്രുതക്ക് മുന്നിൽ കാരുണ്യം നീതി തുടങ്ങിയ വികാരങ്ങൾക്ക് യാതൊരു പ്രസക്തിയും ഇല്ലായിരുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ബനൂഹാരിസിലെ ആളുകളും മറ്റ് ഖുറൈശി മൂപ്പന്മാരും ഖുബൈബിനെ വധിക്കാനും അതിൽ ആഘോഷം നടത്താനും അദ്ദേഹത്തെ ഒരു തുറസ്സായ മൈതാനത്തേക്ക് കൊണ്ടുപോയി. അദ്ദേഹം മരണത്തിന് മുമ്പേ തന്നെ രണ്ട് റകഅത്ത് നമസ്കരിക്കാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. ഖുബൈബ് വളരെ ഹൃദയ സാനിദ്ധ്യത്തോടെ രണ്ട് റകഅത്ത് നമസ്കരിച്ചശേഷം പറഞ്ഞു: നമസ്കാരം ദീർഘിപ്പിക്കാൻ എന്റെ മനസ്സ് ആഗ്രഹിച്ചിരുന്നു. പക്ഷെ മരണത്തെ പിന്തള്ളുന്നതിനുവേണ്ടി ഞാൻ നമസ്കാരം ദീർഘിപ്പിക്കുകയാണെന്ന് നിങ്ങൾ ചിന്തിച്ചേക്കുമോ എന്ന് എനിക്ക് തോന്നി.

തുടർന്ന് ഖുബൈബ് ഈ ഈരടികൾ ചൊല്ലി ക്കൊണ്ട് മുന്നോട്ട് കുനിയുകയുണ്ടായി: അതായത് ഞാൻ ഇസ്‌ലാമിന്റെ മാർഗത്തിൽ മുസ്‌ലിമെന്ന നിലയിൽ വധിക്കപ്പെടുമ്പോൾ ഞാൻ ഏതു ഭാഗത്തേക്ക് വീഴുന്നു എന്നത് എനിക്ക് പ്രശ്നമല്ല. ഇതെല്ലാം അല്ലാഹുവിന് വേണ്ടിയാകുന്നു. അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ എന്റെ ശരീരത്തിലെ എല്ലാ കഷ്ണങ്ങളും അനുഗ്രഹം നൽകുന്നതാണ്.

ഹദ്റത്ത് ഖുബൈബ് ശഹാദത്ത് സമയത്ത് ദുഃആ ചെയ്തിരുന്നു. അതായത് അവരെ ഓരോരുത്തരേയും കൊലപ്പെടുത്തേണമേ. നിവേദനത്തിൽ പറയുന്നു: ഈ സംഭവത്തിനു ഒരു വർഷം ആകുന്നതിനു മുമ്പേ തന്നെ ഖുബൈബിന്റെ വധത്തിൽ പങ്കാളികളായ ആരും തന്നെ ഭൂമിയിൽ അവശേഷിച്ചില്ല. (ഹുസൂർ തിരുമനസ്സ് പറയുന്നു:) ആരും തന്നെ അവശേഷിച്ചില്ല എന്നതിന് വ്യക്തമായ തെളിവ് വെറെയെവിടുന്നും ലഭിക്കുന്നില്ല. അതിനാൽ അവരിൽ നല്ലൊരു ശതമാനവും കൊല്ലപ്പെട്ടുവെന്നു പറയാം. ഒന്നുകിൽ കൊല്ലപ്പെട്ടു അല്ലെങ്കിൽ ഫത്ഹ് മക്കയുടെ അവസരത്തിൽ ഇസ്‌ലാം സ്വീകരിച്ചു. ഒരു നബിചരിത്രകാരൻ ഇത് സംബന്ധമായി എഴുതുന്നു: മുശ്‌രികീംകൾ ഖുബൈബിന്റെ വാക്കുകൾ കേട്ടപ്പോൾ ഭയന്നു വിറച്ചു; ഖുബൈബിന്റെ ഈ ദുഃആ വ്യഥാവിലാകില്ലെന്ന് അവർക്ക് ഉറപ്പായിരുന്നു. ഖുറൈശികൾക്കിടയിൽ ഈ ശാപപ്രാർഥനയെപ്പറ്റി നല്ലപോലെ ചർച്ച നടന്നിരുന്നു. ഒരു മാസമോ അതിലധികമോ കാലം അവരുടെ സദസ്സുകളിൽ ഖുബൈബിന്റെ ശാപപ്രാർഥനയോടുള്ള ഭയം നിലനിന്നിരുന്നു, അവർ അതേപ്പറ്റി പലനിലക്കും നിരൂപണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു.

ഖുബൈബിനെ ശഹീദാക്കിയ ആൾക്കൂട്ടത്തിൽ സഈദ് ബിൻ ആമിറും ഉണ്ടായിരുന്നു. ഇദ്ദേഹം പിന്നീട് മുസ്‌ലിമാകുകയുണ്ടായി. ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലം വരെയും ഹദ്റത്ത് ഖുബൈബിന്റെ സംഭവം ഓർമ വരുമ്പോഴെല്ലാം അദ്ദേഹം മോഹാലസ്യപ്പെട്ടിരുന്നു. ഹദ്റത്ത് ഉമർ തന്റെ ഖിലാഫത്ത് കാലത്ത് ഇദ്ദേഹത്തെ ശാമിൽ കൈകാര്യസ്ഥനായി നിയമിച്ചിരുന്നു. അദ്ദേഹം സംഭവം ഓർമ വരുമ്പോഴെല്ലാം ആളുകൾക്കിടയിൽ തന്നെ മോഹാലസ്യപ്പെട്ടിരുന്നു. അദ്ദേഹം രോഗിയാണെന്നും അങ്ങനെയൊരു ആളെയാണ് തങ്ങളുടെ ഭരണാധിപനായി നിയമിച്ചിരിക്കുന്നതെന്നും ആളുകൾ ഹദ്റത്ത് ഉമറിനോട് പരാതിപ്പെട്ടിരുന്നു. ഒരിക്കൽ അദ്ദേഹം ഹദ്റത്ത് ഉമറിനെ കാണാൻ വരികയുണ്ടായി. അപ്പോൾ ഹദ്റത്ത് ഉമർ അദ്ദേഹത്തോട് ചോദിച്ചു: സഅദ് നിങ്ങൾക്ക് വല്ല രോഗവുമുണ്ടോ? അദ്ദേഹം പറഞ്ഞു: യാ അമീറൽ മുഅ്മിനീൻ, എനിക്ക് യാതൊരു അസുഖവുമില്ല, പക്ഷെ ഹദ്റത്ത് ഖുബൈബിനെ വധിക്കുന്ന സന്ദർഭത്തിൽ അന്ന് അവിടെ ഞാനുമുണ്ടായിരുന്നു. അന്ന് ഖുബൈബ് ചെയ്ത ദുഃആ ഓർമ വരുമ്പോൾ ഭയംകൊണ്ട് ഞാൻ മോഹാലസ്യപ്പെട്ടു പോകുന്നു.

ഖുറൈശികൾ മൃതദേഹം അഴുകുന്നതിനു വേണ്ടി കുരിശിൽ തന്നെ തൂക്കിയിട്ടിരുന്നു. ഏതായാലും നബി(സ) ഖുബൈബിന്റെ മൃതദേഹം കുരിശിൽ നിന്നിറക്കക്കുന്നതിനുവേണ്ടി ചോദിച്ചു: നിങ്ങളിൽ ആരാണ് ഖുബൈബിനെ കുരിശിൽ നിന്ന് ഇറക്കി കൊണ്ടുവരിക. അപ്പോൾ ഹദ്റത്ത് സുബൈർ ബിൻ അവ്വാം പറഞ്ഞു: യാ റസൂലല്ലാഹ്, ഞാനും എന്റെ സുഹൃത്ത് മിഖ്ദാദ് ബിൻ അസ്‌വദും (ഈ കർത്തവ്യം നിറവേറ്റാം.) അങ്ങനെ അവർ ഹദ്റത്ത് ഖുബൈബിന്റെ മൃതദേഹമുള്ള സ്ഥലത്ത് എത്തിയപ്പോൾ അവിടെ (അതിനു കാവലായി) 40 ആളുകളെ കാണുകയുണ്ടായി. പക്ഷെ അവരെല്ലാം ലഹരിയിലായിരുന്നു. അവർ രണ്ടുപേരും ചേർന്ന് ഖുബൈബിനെ ഇറക്കുകയുണ്ടായി. ഇത് ഖുബൈബിന്റെ ശഹാദത്തിന് നാൽപത് ദിവസം കഴിഞ്ഞിട്ടുള്ള കാര്യമാണ്.

ചരിത്രഗ്രന്ഥങ്ങളിലെ ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അംറ് ബിൻ ഉമയ്യ സുംരിയോടൊപ്പം ഹദ്റത്ത് ജബ്ബാർ ബിൻ സ്വഖർ അൻസാരിയെ അയക്കുകയുണ്ടായി. ഖുറൈശികൾ ഇവരെ പിന്തുടർന്നപ്പോൾ ഹദ്റത്ത് ജബ്ബാർ മൃതദേഹം നദിയിലേക്ക് വലിച്ചെറിയുകയാണുണ്ടായത്. അങ്ങനെ അല്ലാഹു ഖുബൈബിന്റെ മൃതദേഹം ശത്രുക്കളിൽനിന്ന് അപ്രത്യക്ഷമാക്കുകയുണ്ടായി. അങ്ങനെ ശത്രുക്കൾക്ക് തങ്ങൾ ഉദ്ദേശിച്ചതൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അല്ലാഹു മൃതദേഹത്തെ അനാദരവിൽനിന്ന് രക്ഷിക്കുകയുണ്ടായി. ഇത്തരത്തിൽ മൃതദേഹങ്ങളെ ശത്രുക്കളുടെ ശർറുകളിൽ നിന്ന് സംരക്ഷിച്ച ഒരുപാട് സന്ദർഭങ്ങൾ ഉണ്ട്. കഴിഞ്ഞ പ്രാവശ്യം കടന്നൽക്കൂട്ടവും തേനീച്ചക്കൂട്ടവും മുഖേന മൃതദേഹത്തെ അനാദരവിൽ നിന്ന് സംരക്ഷിച്ചുവെന്ന് പറഞ്ഞിരുന്നു.

ഇവിടെ ഈ സരിയയുടെ (യുദ്ധനീക്കത്തിന്റെ) വിവരണം അവസാനിക്കുന്നു.

ദുഃആകളിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. ഫലസ്തീനികൾക്കുവേണ്ടി പ്രത്യേകമായും ദുഃആ ചെയ്യുക. ഇപ്പോൾ എല്ലാം പാരമ്യത്തിൽ എത്തിയിരിക്കുന്നു. റഫയെ സംബന്ധിച്ച് നേരത്തെ അമേരിക്ക പറഞ്ഞത് ഇത് ഞങ്ങളുടെ റെഡ് ലൈനായിരിക്കുമെന്നാണ്. ഇപ്പോൾ പറയുന്നു; അല്ല, ഇപ്പോൾ തീർന്നിട്ടില്ല, അവരുടെ റെഡ് ലൈനിന്റെ മാനദണ്ഡമെന്താണെന്നും എത്ര ലക്ഷം ജനങ്ങളെ അവർ കൊല്ലുമെന്നും മനസിലാകുന്നില്ല. പിന്നെ എന്തെങ്കിലും സന്ധി ഉണ്ടാക്കും. അല്ലാഹു ഈ അക്രമികളിൽനിന്ന് ലോകത്തെ രക്ഷിക്കുമാറാകട്ടെ, നിരപരാധികളായ ഫലസ്തീനികളെയും രക്ഷിക്കുമാറാകട്ടെ.

അതുപോലെ സുഡാനികൾക്കുവേണ്ടിയും ദുഃആ ചെയ്യുക. അവിടെ സ്വന്തം ജനതയിലെ ആളുകളായ മുസ്‌ലിംകൾ മുസ്‌ലിംകളെ കൊല്ലുന്നു. അല്ലാഹു അവർക്ക് ബുദ്ധി നൽകുമാറാകട്ടെ, അവർക്ക് അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുമാറാകട്ടെ. അല്ലാഹുവിന്റെ കൽപ്പനകനുസരിച്ച് പ്രവർത്തിക്കാനും കഴിയുമാറാകട്ടെ. യമനിലെ തടവുകാർക്കുവേണ്ടിയും ദുഃആ ചെയ്യുക, (അല്ലാഹു അവരുടെ മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ.) പാകിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും ദുഃആ ചെയ്യുക. അവിടെയും അവസ്ഥകളിൽ ഏറ്റക്കുറച്ചിലുകൾ വന്നുകൊണ്ടിരിക്കുന്നു. ഈദ് വരികയാണ് മൗലവിമാർ കൂടുതൽ ചൂടായിത്തുടങ്ങും. അല്ലാഹു ഓരോ അഹ്മദിയെയും എല്ലാ ദ്രോഹത്തിൽനിന്നും രക്ഷിക്കുമാറാകട്ടെ. തടവറയിൽ കഴിയുന്നവർക്കും എത്രയും വേഗം മോചനത്തിന് വഴിയിരുക്കുമാറാകട്ടെ.

ഇനി ഞാൻ നമസ്കാരത്തിനുശേഷം 2 ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. ആദ്യത്തെ ജനാസ നമ്മുടെ മുറബ്ബിയായ ചൗധരി മുനീർ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം അമേരിക്കൻ എം.ടി.എ. ഇന്റർനാഷ്ണൽ ടെലിപോർട്ടിന്റെ ഡയറക്ടർ ആയിരുന്നു. കഴിഞ്ഞ ദിവസം 73 ാമത്തെ വയസിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

1981 മുതൽ 90 വരെയും 94 മുതൽ ജീവിതാവസാനം വരെയും അമേരിക്കയിൽ ജമാഅത്തീ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം എം.ടി.എ. ടെലിപോർട്ട് അമേരിക്ക സ്ഥാപിക്കുന്നതിൽ വലിയ റോൾ നിർവഹിച്ചിട്ടുണ്ട്. വളരെ അധ്വാനത്തോടെയും ത്യാഗമനോഭാവത്തോടെയും പ്രവർത്തിക്കുന്ന ആളായിരുന്നു. സ്വന്തം നിലക്ക് അറിവ് സമ്പാദിക്കുകയും ഈ ടെലിപോർട്ട് വളരെ നല്ല നിലയിൽ അദ്ദേഹം പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. എല്ലാ നിലക്കും ടെക്നിക്കൽ തലത്തിലും നല്ല ഉന്നത നിലവാരത്തിൽ എത്തിച്ചു. മർഹൂം പ്രാർഥനാ നിരതനും ഖിലാഫത്തുമായി ബന്ധം വെക്കുന്നയാളും അതിഥി സൽക്കരപ്രിയനും മാതൃകായോഗ്യനായ വഖ്ഫെ സിന്ദഗിയും ആയിരുന്നു.

അടുത്തത്, കേരളത്തിലെ അബ്ദുർറഹ്മാൻ കുട്ടി സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* അദ്ദേഹം മൂസി ആയിരുന്നു. പതിനാറാമത്തെ വയസ്സിൽ അദ്ദേഹത്തിന് ബൈഅത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. മതാനുഷ്ഠാന കാര്യങ്ങളിൽ കൃത്യനിഷ്ഠയുള്ളയാളും ജമാഅത്തിനോട് ആത്മാർഥതയുള്ളയാളും വളരേ ലളിതമായ സ്വഭത്തിന് ഉടമയും വിനയാന്വിതനും ശുദ്ധപ്രകൃതമുള്ളയാളും ആയിരുന്നു. ഇദ്ദേഹത്തിന്റെ ഒരു മകൻ ശംസുദ്ധീൻ സാഹിബ് മലബാരി, കബാബീറിൽ മുബല്ലിഗ് ഇൻചാർജായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു മർഹൂമീങ്ങൾക്ക് മഗ്ഫിറത്തും ഉന്നത സ്ഥാനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 31.05.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T.Jamshad Mukkam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516